**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 728** **02-02-2023 - ൽ മറുപടിയ്ക്ക്**

**മഞ്ചേരി മണ്ഡലത്തിലെ വൈദ്യുത ചാർജിങ് സ്റ്റേഷനുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. യു.എ.ലത്തീഫ് | | ശ്രീ . കെ . കൃഷ്ണൻകുട്ടി<br>(വൈദ്യുതി വകുപ്പ് മന്ത്രി) | |
| (എ) | മഞ്ചേരി നിയോജക മണ്ഡലത്തിൽ സ്ഥാപിച്ചിട്ടുള്ള വൈദ്യുത ചാർജിങ് സ്റ്റേഷനുകൾ സംബന്ധിച്ച നിയമസഭാ ചോദ്യത്തിന് തെറ്റായ ഉത്തരം നൽകിയ ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിക്കുമോ; | (എ) | മഞ്ചേരി നിയോജകമണ്ഡലത്തിലെ ചാർജിങ് പോയിന്റുകളുടെ നിർമ്മാണം പൂർത്തീകരിച്ചു എന്നാണ് കെ എസ് ഇ ബി യിൽ നിന്നും റിപ്പോർട്ട് നൽകിയിരുന്നത്. ആയതിൻ പ്രകാരം ആണ് അത്തരത്തിൽ മറുപടി നൽകിയത്. എന്നാൽ ചില സാങ്കേതിക കാരണങ്ങളാൽ സർവീസ് കണക്ഷൻ കൊടുത്തിരുന്നില്ല എന്നും ആയതുമൂലം ചാർജിംഗ് പോയിന്റുകൾ പ്രവർത്തനക്ഷമമായിരുന്നില്ല എന്നും കെ എസ് ഇ ബി എൽ ഇപ്പോൾ അറിയിച്ചിട്ടുണ്ട്. ഇക്കാര്യത്തിൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ വിശദീകരണം വാങ്ങി ഉചിത തുടർനടപടികൾ സ്വീകരിക്കുന്നതാണ്. |
| (ബി) | പ്രസ്തുത മണ്ഡലത്തിൽ സ്ഥാപിച്ചിട്ടുള്ള ഇലക്ട്രിക് ചാർജിങ് സ്റ്റേഷനുകൾ ഇനിയും പ്രവർത്തിക്കാത്തത് എന്തുകൊണ്ട് എന്ന് വ്യക്തമാക്കാമോ; | (ബി) | മതിയായ എർത്ത് റെസിസ്റ്റൻസ് വാല്യൂ ലഭിക്കാത്തതുകൊണ്ട് സർവ്വീസ് കണക്ഷൻ കൊടുക്കാൻ സാധിക്കാത്തതുകൊണ്ടാണ് ചാർജിങ് പോയിന്റുകൾ പ്രവർത്തനക്ഷമമാകാത്തത്. |
| (സി) | പ്രസ്തുത ചാർജിങ് സ്റ്റേഷനുകൾ അടിയന്തരമായി പ്രവർത്തിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ; | (സി) | നടപടികൾ സ്വീകരിച്ചിട്ടുണ്ട് |
| (ഡി) | പ്രസ്തുത മണ്ഡലത്തിലെ ഏതൊക്കെ സ്ഥലങ്ങളിലാണ് വൈദ്യുത ചാർജിങ് സ്റ്റേഷനുകൾ സ്ഥാപിച്ച് പ്രവർത്തിപ്പിക്കുന്നത്; വിശദമാക്കാമോ? | (ഡി) | ഹാജ്യാർപടി (തൃക്കലങ്ങോട്), തന്നത്താൻകുന്ന്, നെല്ലിപറമ്പ് (മഞ്ചേരി സൗത്ത്), പയ്യനാട്, കച്ചേരിപടി (മഞ്ചേരി നോർത്ത്), ആനക്കയം, എം.എസ്.പി., മുണ്ടുപറമ്പ്, പൊൻമള (മലപ്പുറം ഈസ്റ്റ്), കിഴക്കേത്തല (മലപ്പുറം വെസ്റ്റ്) താന്നിക്കൽ (ചട്ടിപ്പറമ്പ്). എന്നിവിടങ്ങളിൽ ആണ് വൈദ്യുത ചാർജിങ് സ്റ്റേഷനുകൾ സ്ഥാപിച്ചിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ